# പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: **2876** 07.12.2018 -ലെ മറുപടി

## മഹാപ്രളയത്തിൽ തീരങ്ങൾ ഇടിഞ്ഞ് ഉണ്ടായ നഷ്ടം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.രാജു എബ്രഹാം** | **കെ.കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) പ്രളയത്തിൽ വിവിധ നദികളുടെയും തോടുകളുടെയും തീരങ്ങൾ ഇടിഞ്ഞ് ഉണ്ടായ നഷ്ടത്തിന്റെ കണക്കെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; | (എ) ആഗസ്റ്റ് മാസത്തിലെ പ്രളയത്തിൽ കേരളത്തിലെ വിവിധ നദികളുടെയും തോടുകളുടെയും ബണ്ടുകൾ തകർന്നുണ്ടായ നഷ്ടത്തിന്റെ ജില്ല തിരിച്ചുള്ള ഏകദേശ കണക്കുവിവരങ്ങൾ ചുവടെ ചേർക്കുന്നു. |

ജില്ല — തുക(ലക്ഷത്തിൽ)

1. തിരുവനന്തപുരം - 805.00
2. കൊല്ലം - 382.50
3. പത്തനംതിട്ട -5936.00
4. ആലപ്പുഴ -1154.20
5. കോട്ടയം -581.50
6. ഇടുക്കി - 3898.00
7. എറണാകുളം -1732.00

8. തൃശ്ശൂർ -1548.35

9. പാലക്കാട് - 508.00

10. മലപ്പുറം -2138.00

11. കോഴിക്കോട് -2261.00

12. വയനാട് -1853.65

13. കണ്ണൂർ -651.00

14. കാസർഗോഡ് - 223.00

ഇവ ഉൾപ്പെടെ ജലസേചന വകുപ്പിന് ഉണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് 1068 കോടി രൂപയുടെ പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (ബി) വൻതോതിൽ തീരം ഇടിഞ്ഞ ഭാഗങ്ങൾ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും ഇതിനായി വകയിരുത്തിയിരിക്കുന്ന തുകയും വ്യക്തമാക്കുമോ? | (ബി) വൻതോതിൽ തീരം ഇടിഞ്ഞ ഭാഗങ്ങൾ സംരക്ഷിക്കുന്നതിനായി ജില്ല തിരിച്ചുള്ള നാശനഷ്ടങ്ങൾ Field Officer വിലയിരുത്തുകയും വളരെ അടിയന്തിരമായി ചെയ്തു തീർക്കേണ്ട തീരസംരക്ഷണ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി വെള്ളപ്പൊക്കനിയന്ത്രണം ശീർഷകത്തിൽ ധനപുനർവിനിയോഗം വഴി ലഭ്യമായ തുക അനുസരിച്ചുള്ള DPR തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**